(ഡി) മൈത്രീ ഭവന പദ്ധതി, എൽ.ഐ.ജി. (ലോവർ ഇൻകം ഗ്രൂപ്പ്), എം. ഐ.ജി. (മിഡിൽ ഇൻകം ഗ്രൂപ്പ്), എച്ച്.ഐ.ജി. (ഹയർ ഇൻകം ഗ്രൂപ്പ്), എം.എൽ.എ./എം.പി.-മാരുടെ ഭവന നിർമ്മാണ പദ്ധതി എന്നിവയിലെ ഗുണഭോക്താക്കൾക്കാണ് ഹൗസിംഗ് ബോർഡ് ഇപ്പോൾ നടപ്പാക്കി വരുന്ന വായ്പാ വിതരണ പദ്ധതികൾ.

ഹൗസിംഗ് ബോർഡിലെ തസ്തികകൾ

27 [1437] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവയിൽ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം കോൺട്രാക്ട്/താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരെ സ്ഥിരപ്പെടുത്താൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണം എന്താണെന്നും ഇത്തരം ശ്രമം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ സർക്കാർ അംഗീകാരമുള്ള 1032 തസ്തികകൾ ഉണ്ട്. അവയുടെ കാറ്റഗറി തിരിച്ചുള്ള വിവരവും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരവും അനുബന്ധം 'എ'-യിൽ ചേർത്തിട്ടുണ്ട്. †

(സി) 6-10-1995-ൽ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് റഗുലേഷൻ 1995 നിലവിൽ വന്നെങ്കിലും ടി റഗുലേഷനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ടി റഗുലേഷൻ സ്റ്റേ ചെയ്യപ്പെടുകയുണ്ടായി. തുടർന്ന് ബോർഡ് ആവിഷ്കരിച്ച കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് റഗുലേഷൻ 1998 ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന് അംഗീകാരം ലഭിച്ചാൽ മാത്രമേ പി.എസ്.സി. വഴി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിൽ കോൺട്രാക്ട്/താൽക്കാലികാടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ അനുബന്ധം 'ബി'-യിൽ ചേർത്തിരിക്കുന്നു. †

(ഇ ആന്റ് എഫ്) താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരെ സ്ഥിരമായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർ

28 [1438] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ആകെ ജീവനക്കാർ എത്രയെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ സർവ്വീസ് ദൈർഘ്യം എത്ര വർഷമാണെന്ന് വെളിപ്പെടുത്താമോ;

(സി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ഇ) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ എന്ന് നടപ്പിലാക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിലെ ആകെ ജീവനക്കാർ 188 ആണ്.

(ബി) പതിനാല് വർഷം വരെ സർവ്വീസ് ദൈർഘ്യം ഉള്ളവരാണ് ഇവർ.

(സി) പരിഗണനയിലുണ്ട്. ജീവനക്കാരുടെ നിലവിലുള്ള സേവന വേതന ഘടന പഠിച്ച് സി.എം.ഡി. (Centre for Management Development)എന്ന സ്ഥാപനം തയ്യാറാക്കിയ റിപ്പോർട്ട് നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) പരിശോധിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly